بسم الله الرحمن الرحيم
الحمد لله رب العالمين وصلى الله وسلم على سيدنا محمد وعلى آله وصحبه أجمعين


السلام عليكم ورحمة الله وبركاته

**തെററുകൾ തിരുത്തി മുഴുവനും വായിക്കണമെന്ന് വിനയത്തോടെ അപേക്ഷിക്കുന്നു. അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ,**

**പ്രിയമുള്ള സഹോദരൻമാരേ "O" അബ്ദുല്ല തൻെറ വട്ടപൂജ്യത്തിൻെറ വട്ടം വലുതാക്കുന്ന മൂന്ന് കുറിപ്പുകളും കൂടെ തേജസിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.**

**അതിലധികവും മറുപടി അർഹിക്കാത്തതും തൻെറ ജഹാലത്ത് വിളിച്ചോതുന്നതുമാണെങ്കിലും സാധാരണക്കാരായ വായനക്കാരുടെ മനസ്സിൽ ഇസ്ലാമിനെയും അതിൻെറ പ്രവാചകനെയും സ്വഹാബത്തിനെയും കുറിച്ച് തെററായ ധാരണകളുണ്ടാക്കുന്ന ചില വാക്കുകളുള്ളതുകൊണ്ടും ഒരു പാട് വായനക്കാർ മറുപടി പറയണമെന്നാവശ്യപ്പെട്ടതനുസരിച്ചും ഒരു ചെറിയ വിശദീകരണം നൽകാൻ ആഗ്രഹിക്കുകയാണ്.**

**അദ്ദേഹത്തിൻെറ കുറിപ്പിൽ വന്ദ്യരായ കാന്തപുരമുസ്താദിനെയും അവർക്ക് കിട്ടിയ തിരുകേശത്തെ കുറിച്ചുമുള്ള വിമർശനങ്ങൾക്ക് ഞാൻ മറുപടി പറയുന്നില്ല. ഈ മുടി നൽകിയ ബഹു ഖസ്റജിയെുറിച്ച് "ഖവാരിജി" എന്നു പോലും ഈ മനുഷ്യൻ വിളിച്ചു:**


ട്ട് ഇല്ല. അതായത് കാരന്തൂർ മർകസിൽ എ പി അബൂബക്കർ മുസലിയാർ ഏതോ ഒരു ഖവാരിജിയിൽനിന്ന് എന്നു പറഞ്ഞു ഏറ്റുവാങ്ങി പ്രദർശിപ്പിച്ച തലമുടി ഇത്തരം കാര്യ

**അതൊന്നും മറുപടി അറിയിക്കുന്നില്ല. അതിനു രണ്ടു കാരണങ്ങളാണ്. ഒന്ന് ആ വിമർശനങ്ങൾക്കൊക്കെ മറുപടി ലഭിക്കാനും മനസ്സിലാക്കാനും പററുന്ന രൂപത്തിൽ ഉസ്താദും ഖസ്റജിയും ഇന്നും ജീവിച്ചിരിക്കുന്നുണ്ട് ആർക്കും ഏതു സമയത്തും ചെന്ന് സംശയനിവാരണം വരുത്താവുന്നതേയുള്ളൂ.**

**കൂടാതെ ഇതിൻെറയൊക്കെ മൂല കാരണം അസൂയയാണ്. അതിനു മരുന്നില്ലതാനും. കേരളത്തിലെ ഇസ്ലാമിൻെറ കുത്തക തങ്ങളുടേതാണെന്ന രൂപത്തിൽ നവീന വാദികൾ കെട്ടിപ്പടുത്ത ഒരു ചീട്ടുകൊട്ടാരമുണ്ടായിരുന്നു. കോഴിക്കോട്ട് വരുന്ന പള്ളിയും വിജ്ഞാന സമുച്ചയവും ഇവയൊക്കെ പൊളിച്ചെറിയുന്ന ഒന്നായിരിക്കുമെന്നവർക്കറിയാം. അതിലുള്ള അരിശമാണിതൊക്കെ.**

**വന്ദ്യരായ കാന്തപുരമുസ്താദിന് (അല്ലാഹു അവർക്ക് ആഫിയത്തുള്ള ദീർഘായുസ് നൽകട്ടെ آمين ) ഇത്തരം ഒരു പള്ളി പണിയാൻ അഡ്രസില്ലാത്ത ഒരു മുടിയുടെ പേരാവശ്യമില്ലന്നുമോർക്കുക. അതിനുമാത്രം അനുസരണ ശീലരായ അനുയായികളുള്ള ഒരു പ്രസ്ഥാനമാണ് ഇതെന്നുമോർക്കുക. 40 തു കോടിയുടേതല്ല 400 കോടിയുടെ പള്ളിയുണ്ടാക്കാനും ഇന്ന് ആ അണികൾ ഒത്തുപിടിച്ചാൽ സാധിക്കുമെന്നുമോർക്കുക. അിതൻെറ തെളിവുകളാണ് കേരളമൊട്ടുക്കും തലയുയർത്തി നിൽക്കുന്ന എല്ലാ വിഭാഗത്തിൻെറയും സുന്നീ സ്ഥാപനങ്ങൾ. ഇവയിലധികവും പാവപ്പെട്ട സുന്നി പ്രവർത്തകരുടെ വിയർപ്പിൻെറ മണമുള്ളവയാണ്.**

**രണ്ടാമതായി വിമർശമനമുന്നയിച്ച "O" അബ്ദു ഇസ്ലാമിൽ നിന്നു തന്നെ പുറത്തു പോകുന്ന അതിമോശമായ പദപ്രയോഗങ്ങളും ആശയങ്ങളും വെച്ചു പുലർത്തുമ്പോൾ മററു ഇത്തരം ചെറിയ വിഷയങ്ങൾ മറുപടി പറയേണ്ടതില്ല.**

ഇദ്ദേഹം ഉന്നയിച്ച അതി മോശവും ഒരു മുസ്ലിമിന് പറയാൻ പററാത്തതുമായ കാര്യമാണ് "ബുഖാരിയിലും മുസ്ലിമിലുമൊക്കെ മനുഷ്യ ബുദ്ധിക്ക് യോജിക്കാത്തവയുണ്ടെന്നും അവ ചാടിക്കടക്കണമെന്നതും" ഇതാണ് നാം ചർച്ചക്ക് വിഷയമാക്കേണ്ടത്. സ്വഹീഹ് ബുഖാരിയും മുസ്ലിമുമൊക്കെ ലോക മുസ്ലിമീങ്ങൾ കാണാൻ തുടങ്ങിയിട്ടും പാരായണം ചെയ്യാനും വ്യാഖ്യാനങ്ങളെഴുതാനും തുടങ്ങിയിട്ടും നീണ്ട 1200 വർഷത്തിലധികമായി. ഇന്നോളം ഒരു ഇമാമും ഇത്തരം ഒരാരോപണം ഉന്നയിച്ചതായി കാണുകയില്ല.

അദ്ദേഹത്തിൻെറ ആവരികളിലേക്ക് കടക്കുന്നതിനു മുമ്പ് എൻെറ പ്രിയ വായനക്കാർ ചിലത് മനസ്സിലാക്കുക.

ഒന്നാമതായി ഇസ്ലാം മനുഷ്യ നിർമ്മിതമല്ല അത് സ്രഷ്ടാവിൻെറ നിയമ സംഹിതയാണ് അതിൽ ബുദ്ധിക്ക് യോചിക്കാത്തതോ, വിശുദ്ധിക്ക് നിരക്കാത്തതോ ഒന്നുമുണ്ടാവുകയില്ല. അത് അല്ലാഹുവിൻെറ ദീനിന് ചോജിച്ചതുമല്ല. അവൻ എല്ലാ ന്യൂനതകളിൽ നിന്നും പരിശുദ്ധനാണ്. പിന്നെ നമുൾക്കൊള്ളാൻ കഴിയാത്തത് നമ്മുടെ ബുദ്ധിയുടെയും ചിന്തയുടെയും അപാകതയാണ്. അതു കൊണ്ട് തന്നെ നമ്മുടെ ബുദ്ധിക്കും ചിന്തക്കും യോജിക്കാത്തത് കണ്ടാൽ പോലും അത് അംഗീകരിക്കാൻ മുസ്ലിം ബാധ്യസ്ഥനാണ്. വിശുദ്ധ ഖുർആൻ പറയുന്നത് കാണുക:

فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا۟ فِىٓ أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا۟ تَسْلِيمًا ﴿٦٥﴾ (سورة النساء ٦٥)

(നബിയേ,) അങ്ങയുടെ രക്ഷിതാവാണ് സത്യം, അവർക്കിടയിലുള്ള തർക്കങ്ങളിൽ അങ്ങയെ അവർ വിധികർത്താവായി സ്വീകരിക്കുകയും അങ്ങ് തീരുമാനിക്കുന്ന തീർപ്പുകളിൽ മനപ്രയാസം കൂടാതെ പൂർണമായി സമ്മതിക്കുകയും ചെയ്യുംവരെ അവർ വിശ്വാസികളാവുകയില്ല തന്നെ" (അൽ നിസാഅ് 65)

മറെറാരു ആയത്ത് കാണൂ:

وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى ٱللَّهُ وَرَسُولُهُۥٓ أَمْرًا أَن يَكُونَ لَهُمُ ٱلْخِيَرَةُ مِنْ أَمْرِهِمْ ۗ وَمَن يَعْصِ ٱللَّهَ وَرَسُولَهُۥ فَقَدْ ضَلَّ ضَلَٰلًا مُّبِينًا ﴿٣٦﴾

"അല്ലാഹുവും അവൻെറ പ്രവാചകനും ഒരു കാര്യത്തിൽ തീരുമാനം പറഞ്ഞാൽ പിന്നെ ആ കാര്യത്തിൽ സ്വന്തമായ തീരുമാനമെടുക്കാൻ വിശ്വാസിക്കോ വിശ്വാസിനിക്കോ അധികാരമില്ല. ആരെങ്കിലും അല്ലാഹുവിനെയും അവൻെറ പ്രവാചകനെയും ധിക്കരിച്ചാൽ അവൻ വ്യക്തമായ വഴികേടിലാണ്.(അൽ അഹ്സാബ് 36)

അപ്പോൾ ഇതാണ് മുസ്ലിംകളോടുള്ള ഖുർആനിൻെറ കൽപന, അവിടെ തൻെറ ചെറിയ ബുദ്ധിക്ക് യാതൊരു സ്ഥാനവുമില്ല.

ഇതനുസരിച്ച ഇദ്ദേഹം ചാടിക്കടന്ന ഒരു ഹദീസാണ് താഴെ:

**عن أَنَس بن مالِكٍ رضي ا عنه ، . قالَ: كان النّبِيّ يدخُلُ بيتَ أُمِّ سليمٍ فَينام على فِراشِها وليستْ فِيـهِ. قالَ: فَجاء ذَاتَ يومٍ فَنَام على فِراشِها. فَأُتِيتْ فَقِيلَ لها: هذَا النَّبِيّ نَام فِي بيتِكِ، على فِراشِكِ. قالَ: فَجاءتْ وقَد عرِقَ، واستَنْقَع عرقُه على قِطْعةِ أَدِيمٍ، على الْفِراش. فَفَتَحتْ عتِيدتَها فَجعلَتْ تُنَـشِّفُ ذلِـك الْعـرقَ**

فتَعصِره فِي قواريرِها. ففزِع النَّبِيّ فقالَ: «ما تصنَعِين؟ يا أُمّ سليمٍ» فقالَتْ: يا رسول اللهِ نَرجـو بركَتَـه لِصبيانِنَا. قَالَ: «أَصبتِ». (صحيح مسلم رقم الحديث: ٦٠٠٩)

ഇതിൽ മഹതി ഉമ്മു സുലൈം رضي الله عنها വിയർപ്പ് ശേഖരിക്കുന്നതു കണ്ടപ്പോൾ തിരു നബി صلى الله عليه وسلم ചോദിക്കുന്നു എന്തിനാണ് പെണ്ണേ ഈ വിയർപ്പ് ശേഖരിക്കുന്നത്? മഹതി പറഞ്ഞു: അതിൻെറ ബറക്കത്ത് ഞങ്ങളുടെ മക്കൾക്ക് കിട്ടാൻ വേണ്ടിയാണെന്ന്. അപ്പോൾ തിരു നബി صلى الله عليه وسلم പറഞ്ഞ മറുപടിയാണ് أصبت അങ്ങ് ചെയ്യുന്നത് നൂറു ശതമാനവും ശരിയാണെന്നത്. (സ്വഹീഹ് മുസ്ലിം)

അപ്പോൾ ഇതു തിരു നബി صلى الله عليه وسلم യുടെ നേരത്തെ ഖുർആനിൽ പറഞ്ഞ തീരുമാനമാണ്. അതിനെ ചാടിക്കടന്നവനും തള്ളിയവനും എന്തായിരിക്കും അവസ്ഥയെന്നും മുകളിൽ കൊടുത്ത ആയത്തിൽ തന്നെ കാണാം അതിതാണ്:

وَمَن يَعْصِ ٱللَّهَ وَرَسُولَهُۥ فَقَدْ ضَلَّ ضَلَٰلًا مُّبِينًا ﴿٣٦﴾

"ആരെങ്കിലും അല്ലാഹുവിൻെറയും റസൂലിൻെറയും തീരുമാനത്തെ ധിക്കരിച്ചാൽ അവൻ വ്യക്തമായ വഴികേടിലാണ്" അല്ലാഹു നമ്മേ കാത്തു രക്ഷിക്കട്ടെ."

ഇനി മറെറാരായത്തു കാണൂ:

إِنَّمَا كَانَ قَوْلَ ٱلْمُؤْمِنِينَ إِذَا دُعُوٓاْ إِلَى ٱللَّهِ وَرَسُولِهِۦ لِيَحْكُمَ بَيْنَهُمْ أَن يَقُولُواْ سَمِعْنَا وَأَطَعْنَا ۚ وَأُوْلَٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿٥١﴾

"ഏതെങ്കിലും വിഷയത്തിൽ തീർപ്പു പറയാൻ അല്ലാഹുവിലേക്കും റസൂലിലേക്കും അവരെ ക്ഷണിച്ചാൽ ഞങ്ങൾ കേട്ടു, അനുസരിച്ചു എന്നു പറയയലാണ് മുഅ്മിനുകളുടെ സ്വഭാവം അവരാണ് വിജയികളും."

അപ്പോൾ തിരു നബി صلى الله عليه وسلم "അസബ്തി" (അങ്ങ് ചെയ്തത് ശരിയണ്) എന്നു പറഞ്ഞതിനെ ചാടിക്കടന്നവൻെറ അവസ്ഥ എന്തായിരിക്കും.

മറെറാരു കാര്യം കൂടെ വായനക്കാർ മനസ്സിലാക്കുക, വിശുദ്ധ ഇസ്ലാമിൻെറ അദ്ധ്യാപനങ്ങൾ ആദ്യമായി ലഭിച്ചവരും ജീവിതത്തിൽ പകർത്തിയവരുമാണ് തിരു നബി صلى الله عليه وسلم യുടെ സ്വഹാബത്ത്. മറെറാരു നിലയിൽ പറഞ്ഞാൽ അല്ലാഹു അവൻെറ മതത്തെ പ്രായോഗികവൽക്കരിക്കാൻ പ്രത്യേകം തെരഞ്ഞെടുത്ത വിഭാഗമാണ് സ്വഹാബത്ത് അവരാണ് മനുഷ്യരിൽ തന്നെ (പ്രവാചകർക്കു ശേഷം) ഏററവും ബുദ്ധിമാൻമാരും വിശുദ്ധരും. അവരെക്കുറിച്ച് അല്ലാഹു പറയുന്നത് കാണുക:

وَٱلسَّٰبِقُونَ ٱلْأَوَّلُونَ مِنَ ٱلْمُهَٰجِرِينَ وَٱلْأَنصَارِ وَٱلَّذِينَ ٱتَّبَعُوهُم بِإِحْسَٰنٍ رَّضِىَ ٱللَّهُ عَنْهُمْ وَرَضُواْ عَنْهُ وَأَعَدَّ لَهُمْ جَنَّٰتٍ تَجْرِى تَحْتَهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَآ أَبَدًا ۚ ذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ ﴿١٠٠﴾ (التوبة ١٠٠)

"മുഹാജിറുകളിലും അൻസാറുകളിലും നിന്ന് ഒന്നാമൻമാരായി മുന്നോട്ടുവന്നവരെയും അവർക്ക് ശേഷം സത്യസന്ധമായി അവരെ പിന്തുടർന്നവരെയും അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അല്ലാഹുവിനെക്കുറിച്ചും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുകുന്ന ആരാമങ്ങൾ അവർക്കായി ഒരുക്കിവെച്ചിട്ടുണ്ട്. അവർ അതിലെ നിത്യവാസികളാകും. അതാണ് മഹത്തായ വിജയം".

ഇനി ഇമാം ബുഖാരി റിപ്പോർട്ട് ചെയ്ത ഒരു ഹദീസും കാണൂ:

**عن عبدِ ا رضي ا عنه عن النبي صلى ا عليه وسلّم قال: «خير النّاس قَرني، ثمّ الذين يلونهم، ثمّ الذين يلونَهم (صحيح البخاري رقم ٢٦٠٠).**

**"മനുഷ്യരിൽ വെച്ച് ഏററവും ഉത്തമർ എൻെറ കാലത്തുള്ളവരും പിന്നെ അതിൻെറ ശേഷമുള്ളവരും പിന്നെ അവർക്കു ശേഷമുള്ളവരുമാണ്" എന്ന്.**

**അപ്പോൾ ഇവരാണ് മനുഷ്യരാശിയിൽ എല്ലാ അർഥത്തിലും ഉത്തമർ, അവർക്ക് വിശുദ്ധമെന്ന് തോന്നിയതും അവർ ആദരവ് നൽകിയതും അവർ പവിത്രമായി കണ്ടതും അവർ മാറോടണച്ചതുമായ മുഴുവൻ കാര്യങ്ങളും മനസ്സാവാചാ അംഗീകരിക്കാനും പകർത്താനും കടപ്പെട്ടവരാണ് മുസ്ലിംകൾ. അല്ലാഹു തന്നെ പറയുന്നു:**

وَمَن يُشَاقِقِ ٱلرَّسُولَ مِنۢ بَعۡدِ مَا تَبَيَّنَ لَهُ ٱلۡهُدَىٰ وَيَتَّبِعۡ غَيۡرَ سَبِيلِ ٱلۡمُؤۡمِنِينَ نُوَلِّهِۦ مَا تَوَلَّىٰ وَنُصۡلِهِۦ جَهَنَّمَۖ وَسَآءَتۡ مَصِيرًا ﴿١١٥﴾ (سورة النساء ١١٥)

**"സൻമാർഗം വ്യക്താമായിക്കഴിഞ്ഞിട്ടും പ്രവാചകരോട് ശത്രുത പുലർത്തുകയും സത്യവിശ്വാസികളുടെ വഴിയല്ലാത്ത മാർഗം പിന്തുടരുകയും ചെയ്തവനെ അവൻ തിരിഞ്ഞ വഴിക്ക് തന്നെ അവനെ നാം തിരിച്ചുവിടുന്നതാകുന്നു. നാം അവനെ ഏററവും ദുഷിച്ച സങ്കേതമായ നരകത്തിലേക്ക് തള്ളുകയും ചെയ്യും".**

**ഈ മുഅ്മിനീങ്ങളുടെ പാതയിൽ "O" അബ്ദു പറഞ്ഞ ചാടിക്കടക്കലുകൾക്ക് ഒരു തെളിവുമില്ല. ഉണ്ടങ്കിൽ അതാണ് മറുപടിയിൽ അബ്ദു പറയേണ്ടത്.**

**ഇനി അദ്ദേഹം ചാടിക്കടക്കുന്ന പരാമർശം മുതൽക്ക് തുടങ്ങാം:**

തിരുമേനിയുടെ വിയർപ്പ് 'ഉമ്മു സുലൈം' എന്ന സ്ത്രീ കുപ്പിയിൽ ശേഖരിച്ചതിന്നും നബിയുടെ ഭാര്യ ഉമ്മുസൽമ തിരുനബിയുടെ കേശം സൂക്ഷിച്ച് വെച്ച് അതിട്ട വെള്ളം ചിലർക്ക് നൽകിയതിനും ചില ഹദീസ് ഗ്രന്ഥങ്ങളിൽ തെളിവുകൾ ഉണ്ട് എന്നറിഞ്ഞുകൊണ്ട് തന്നെയാണ് ഞാൻ പ്രവാചകന്റെ ശരീര മാലിന്യങ്ങളെ ചോദ്യംചെയ്യാൻ മുതിർന്നത്. പ്രവാചകൻ ഒരു രാത്രി 'ഉമ്മു അയ്മൻ' എന്ന വനിതയുടെ വീട്ടിൽ രാപ്പാർക്കുകയും ആ രാത്രി തിരുമേനി മൂത്രമൊഴിച്ച പാത്രത്തിൽനിന്ന് ഉമ്മുഅയ്മൻ നബിയുടെ മൂത്രം എടുത്ത് പാനംചെയ്തതിനും ഹദീസ് ഗ്രന്ഥങ്ങളിൽ തെളിവുണ്ട്.

ഇതും ഇതുപോലുള്ളതുമായ മനുഷ്യന്റെ സാമാന്യ യുക്തിക്കോ ഇസ്ലാമിന്റെ മൗലിക വിശുദ്ധിക്കോ സദാചാര ബോധത്തിനോ നിരക്കാത്തതും അന്ധവിശ്വാസ ജഡിലങ്ങളുമായ ഹദീസുകളെ കുറിച്ചാണ് അവ വായിക്കുമ്പോൾ ചാടിക്കടക്കലാണ് ഞങ്ങളെ പോലുള്ളവരുടെ പതിവെന്ന് ഞാനെഴുതിയത്. സുന്ന

"തിരു മേനിയുടെ വിയർപ്പ് ഉമ്മു സുലൈം എന്ന സ്ത്രീ (ഇവര് ഒരു വലിയ സ്വഹാബീ വനിതയാണ്) കുപ്പിയിൽ ശേഖരിച്ചതിന്നും നബിയുടെ ഭാര്യ ഉമ്മുസൽമ തിരുനബിയുടെ കേശം സൂക്ഷിച്ച്‌വെച്ച് അതിട്ട വെള്ളം ചിലർക്ക് നൽകിയതിനും ചില ഹദീസ് ഗ്രന്ഥങ്ങളിൽ തെളിവുണ്ട്".

സഹോദരാ, ചില ഹദീസ് ഗ്രന്ഥങ്ങളില്ല അതുള്ളത്. മുസ്‌ലിം ലോകം മുഴുവനം അംഗീകരിക്കുന്ന സ്വഹീഹുൽ ബുഖാരിയിലും സ്വഹീഹ് മുസ്‌ലിമിലുമാണ് ഈ രണ്ട് ഹദീസുകളുമുള്ളത്.

എന്നിട്ട് ഈ ചേകന്നൂരി പറയുന്നു: ഇതും ഇതു പോലുള്ളതുമായ മനുഷ്യന്റെ സാമാന്യ യുക്തിക്കോ സദാചാര ബോധത്തിനോ നിരക്കാത്തതും അന്ധ വിശ്വാസ ജഡിലങ്ങളുമായ ഹദീസുകളെ കുറിച്ചാണ് അവ വായിക്കുമ്പോൾ ചാടിക്കടക്കലാണ്' എന്ന് പറഞ്ഞതെന്ന്.

ഈ സാധു ചാടിക്കടന്ന ആ ഹദീസ് ഏതാണെന്നു നോക്കാം
ഒന്ന്:

**عن أَنَسِ بن مالِكٍ رضي ا عنه ، . قالَ: كان النّبِيّ يدخُلُ بيتَ أُمّ سليمٍ فينَام على فِراشِها وليستْ فِيهِ. قالَ: فجاء ذَاتَ يومٍ فنَام على فِراشِها. فأُتِيتْ فقِيلَ لها: هذَا النّبِيّ نَام فِي بيتِكِ، على فِراشِكِ. قالَ: فجاءتْ وقَد عرِقَ، واستَنْقَع عرقُه على قِطْعةِ أَدِيمٍ، على الْفِراش. فَفَتَحتْ عتِيدتَها فجعلَتْ تُنَشّفُ ذلِك الْعرقَ فَتَعصِره فِي قَوارِيرِها. فَفَزِع النّبِيّ فقَالَ: «ما تصنعِين؟ يا أُمّ سليمٍ» فقَالَتْ: يا رسولَ اللّهِ نَرجو بركَتَه لِصِبيانِنَا. قالَ: «أَصبتِ». (صحيح مسلم رقم الحديث: ٦٠٠٩)**

ഹദീസിന്റെ സാരം ഇങ്ങിനെ മനസ്സിലാക്കാം: മഹതിയായ ഉമ്മു സുലൈം رضي الله عنها തന്റെ വിരിപ്പിൽ ഉറങ്ങുന്ന നബി صلى الله عليه وسلم യുടെ ശരീരത്തിൽ നിന്നൊലിച്ച വിയർപ്പുകൾ കുപ്പിയിൽ ശേഖരിക്കുന്നു. ഇതറിഞ്ഞ പ്രവാചകർ ചോദിച്ചു: എന്താണ് അങ്ങ് ചെയ്യുന്നത്? മഹതി പറഞ്ഞു അല്ലാഹുവിന്റെ പ്രവാചകരെ, ഞങ്ങളുടെ കുട്ടികൾക്ക് ബറക്കത്തിനാണിതെന്ന്. പ്രവാചകർ പറഞ്ഞു. അങ്ങ് ചെയ്തത് ശരിയാണ്.(സ്വഹീഹു മുസ്‌ലിം ഹദീസ് നമ്പ്ര്: 6009)

ഈ ഹദീസുള്ളത് സ്വഹീഹ് മുസ്‌ലിമിലാണ്. റിപ്പോർട്ട് ചെയ്ത സ്വഹാബി പ്രസിദ്ധ സ്വഹാബി വര്യനും നീണ്ട പത്തു വർഷം തിരു നബി صلى الله عليه وسلم യുടെ 'ഖാദിമു'മായിരുന്ന മഹാനായ അനസ് رضي الله عنه ആണ്. വിയർപ്പ് ശേഖരിച്ച മഹതി അനസ് رضي الله عنه ന്റെ മാതാവും വലിയ പണ്ഡിതയും. അബ്ദുല്ലാഹിബ്നു അബ്ബാസ് رضي الله عنهما സൈദുബ്നു സാബിത് رضي الله عنه നെ പോലുള്ള പ്രസിദ്ധരായ സ്വഹാബാക്കൾ ഇവരിൽ നിന്ന് ഹദീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരു നബി صلى الله عليه وسلم യുടെ പ്രത്യേക കാരുണ്യങ്ങൾക്ക് അർഹത ലഭിച്ചവരുമാണവർ. മഹതിയെ കുറിച്ച് കൂടുതൽ അറിയേണ്ടവർ അൽ ഇസാബ പോലുള്ള കിതാബുകൾ കാണുക.

1200 –ാളം വർഷമായി ഈ ഹദീസ് സ്വഹീഹ് മുസ്‌ലിമിലും ഇമാം അഹ്മദ്ബ്നു ഹമ്പലിന്റെ മുസ്നദിലും സുനനുൽ ബൈഹഖിയിലുമൊക്കെ രേഖപ്പെട്ടു കിടിക്കുന്നു. ഇന്നു വരെ മുസ്‌ലിം ലോകത്ത് അറിയപ്പെട്ട ഏതെങ്കിലും ഒരു ഇമാം ഈ ഹദീസ് സ്വഹീഹല്ലന്നോ ബുദ്ധിക്ക് നിരക്കാത്തതാണെന്നോ അന്ധവിശ്വാസം പ്രചരിപ്പിക്കുന്നതാണെന്നോ ഇസ്‌ലാമിന്റെ മൗലിക വിശുദ്ധിക്ക് നിരക്കാത്തതാണെന്നോ പറഞ്ഞതായി രേഖയില്ല.

അത്തരം ഒരു തെളിവും ഈ "0" കൊണ്ട് വന്നിട്ടുമില്ല. സാധിക്കുകയുമില്ല. ഇതിൽ മനുഷ്യന്റെ സാമാന്യ ബുദ്ധിക്കോ ഇസ്‌ലാമിന്റെ മൗലിക വിശുദ്ധിക്കോ

നിരക്കാത്തത് വല്ലതുമുണ്ടങ്കിൽ ഈ "0" യെക്കാളുമൊക്കെ അറിവും ബദ്ധിയുമുള്ള, മുസ്ലിമീങ്ങൾ رحمه الله ചൊല്ലുന്ന ഇമാമുകൾ അതു പറയുമായിരുന്നു. അല്ലാഹു رضي الله عنهم എന്ന് സാക്ഷ്യപ്പെടുത്തിയ സ്വഹാബത്തിന് തിരിയാത്ത ഒരു വിശുദ്ധി "0"യ്ക്ക് കിട്ടിയന്നോ അത് മുസ്ലിമീങ്ങൾക്ക് വേണ്ട അത് ചേകന്നൂരിസമാണ്.

ഇദ്ദേഹം ചാടിക്കടന്ന രണ്ടാമത്തെ ഹദീസ് ഇമാം ബുഖാരി റിപ്പോർട്ട് ചെയ്ത:

**عن عثمان بن عبدِ ا   بن موهب قال: «أَرسلني أهلي إلى أم سلمةَ بقَدح من ماء، وقبض إِسرائيلُ ثـلاثَ أَصابع من قُصةٍ فيها شَعر من شعر النبي صلى ا   عليه وسلّم، وكان إِذا أصاب الإِنسان عين أو شـيء بعثَ إليها مخضبه، فاطلعتُ في الجلجل فرَأيتُ شَعراتٍ حمرا (صحيح البخاري ٥٨٩٦)**

സാരം ഇങ്ങിനെ വായിക്കാം: ഉസ്മാനു ബ്നു അബ്ദുല്ലാ പാറയുന്നു എൻെറ കുടുംബം ഒരു പാത്രം വെള്ളവുമായി നബിയുടെ ഭാര്യയായിരുന്ന ഉമ്മു സലമ رضي الله عنها യുടെ അടുക്കലേക്ക് പറഞ്ഞയച്ചു മഹതിയുടെ അടുക്കൽ നബിയുടെ മുടി സൂക്ഷിച്ച വെള്ളിയാലുള്ള പാത്രമുണ്ട് ആർക്കെങ്കിലും കണ്ണേറോ മറേറാ ബാധിച്ചാൽ ജനങ്ങൾ മഹതിയിലേക്ക് ആളയക്കാറുണ്ട്. (സ്വഹീഹുൽ ബുഖാരി ഹദീസ് നമ്പ്ര്: 5761)

ഈ മുടി പ്രത്യേക പാത്രത്തിൽ ആദരപൂർവ്വ സൂക്ഷിച്ചു വെച്ച മഹതി തിരു നബി صلى الله عليه وسلم യുടെ പ്രിയപത്നിയും വലിയ പണ്ഡിതയുമാണ് 400-ാളം ഹദീസുകൾ മഹതിയിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ബുഖാരിയിലും മുസ്ലിമിലുമൊക്കെ മഹതിയുടെ ഹദീസുകൾ എമ്പാടും കാണാം. ഹിജ്റ 200 കളിൽ രചിച്ച സ്വഹീഹുൽ ബുഖാരിയിൽ ഈ ഹദീസ് നൂററാണ്ടകളായി നിലനിൽക്കുന്നു ഒരു ഇമാമും അതിനെക്കുറിച്ച് അത് ബുദ്ധിക്ക് യോചിക്കാത്ത താണെന്നോ ഇസ്ലാമിൻെറ വിശുദ്ധിക്ക് നിരക്കാത്തതാണെന്നോ പറഞ്ഞതായി കാണില്ല. മറിച്ച് അവർ ഇതൊരു വലിയ രേഖയായിട്ടാണ് കാണുന്നത്.

ചുരുക്കത്തിൽ ഇസ്ലാമിൽ ബുദ്ധിക്ക് യോജിക്കാത്തതോ വിശുദ്ധിക്ക് നിരക്കാത്തതോ ആയ ഒന്നുമില്ല. കാരണം അത് അല്ലാഹുവിൻെറ ദീനാണെന്നതാണ്. എല്ലാ അർഥത്തിലും വിശുദ്ധമാണത്. പക്ഷെ, ഇത് പരിശോധിക്കേണ്ട ബുദ്ധി മുസ്ലിമിൻേറതായിരിക്കണം "0"യുടെ ബുദ്ധികൊണ്ട് നോക്കുമ്പോൾ ഒരു പക്ഷെ പലതും കണ്ടേക്കാം അത് ബുദ്ധിയുടെ മോശമാണ് അല്ലാതെ മതത്തിൻെറ തകരാറല്ല.

എന്തിനു ഹദീസുകളിലേക്ക് പോകണം വിശുദ്ധ ഖുർആനിലുള്ളത് കാണൂ:

وَقَالَ لَهُمۡ نَبِيُّهُمۡ إِنَّ ءَايَةَ مُلۡكِهِۦٓ أَن يَأۡتِيَكُمُ ٱلتَّابُوتُ فِيهِ سَكِينَةٞ مِّن رَّبِّكُمۡ وَبَقِيَّةٞ مِّمَّا تَرَكَ ءَالُ مُوسَىٰ وَءَالُ هَٰرُونَ تَحۡمِلُهُ ٱلۡمَلَٰٓئِكَةُۚ إِنَّ فِي ذَٰلِكَ لَأٓيَةٗ لَّكُمۡ إِن كُنتُم مُّؤۡمِنِينَ ٢٤٨ (البقرة ٢٤٨)

“അവരുടെ പ്രവാചകൻ അവരോടു പറഞ്ഞു: നിശ്ചയം അല്ലാഹു അദ്ദേഹത്തെ രാജാവാക്കിയതിനുള്ള അടയാളം: നിങ്ങൾക്ക് ഒരു പെട്ടി വരലാണ്. ആ പെട്ടിയിൽ നിങ്ങളുടെ രക്ഷിതാവിൽ നിന്നുള്ള സമാധാനം ഉണ്ട്. കൂടാതെ മൂസാ നബി عليه السلام ൻെറയും ഹാറൂൻ നബി عليه السلام ൻെറയും തിരു ശേഷിപ്പുകളുണ്ട്. മലക്കുകളാണ് ആ പെട്ടി വഹിക്കുക. നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾക്കത് ഒരു വലിയ അടയാളമാണ്.” (അൽബഖറ 248)

ഈ ആയത്തിനെക്കുറിച്ച് വായനക്കാരൊന്ന് ചിന്തിച്ചു നോക്കൂ “പെട്ടിയിലെങ്ങി നെയാണ് സമാധാനത്തെ അടക്കം ചെയ്യുക?”. ഇബ്നു കസീറിനെപ്പോലുള്ള

പ്രസിദ്ധ ഖുർആൻ വ്യാഖ്യാതാക്കൾ പറയുന്നു ഈ പെട്ടിയിലുള്ള തിരുശേഷിപ്പ് വടി, അവരുടെ വസ്ത്രം, ചെരിപ്പ് തുടങ്ങിയവയൊക്കെയാണെന്ന്" കാലിൽ ധരിക്കുന്ന ചെരിപ്പുപോലും തിരു ശേഷിപ്പോ? അതിനെക്കുറിച്ച് ഖുർആനിൽ പരാമർശമോ? ഇതൊക്കെ "0" ബുദ്ധികൊണ്ട് ചിന്തിച്ചാൽ ചാടിക്കടക്കേണ്ടിവരും. പക്ഷെ അതോടു കൂടെ ഇസ്ലാമിൽ നിന്നു പുറത്തുമാകും. ഓ. അബ്ദു വല്ല മറുപടിയും എൻെറ ഈ എളിയ വാക്കുകൾക്ക് പറയുകയാണെങ്കിൽ ഈ ആയത്തിനെ എങ്ങിനെ ബുദ്ധിയിൽ പാകപ്പെടുത്തിയെടുക്കുമെന്നു കൂടി വിശദീകരിക്കുമല്ലോ?

ഓ അബ്ദുനെപ്പോലുള്ളവർ വരുമെന്ന് കണ്ടതു കൊണ്ടായിരിക്കും ഈ ആയത്തിൻെറ അവസാനത്തിൽ അല്ലാഹു പ്രത്യേകം പറഞ്ഞത്:

إِنَّ فِي ذَٰلِكَ لَآيَةً لَّكُمْ إِن كُنتُم مُّؤْمِنِينَ .

"നിങ്ങൾ മുഅ്മിനുകളാണെങ്കിൽ നിങ്ങൾക്കതിൽ ദൃഷ്ടാന്തമുണ്ട്."
അപ്പോൾ ആ കറകളഞ്ഞ ഈമാനുള്ളവർക്കേ ഇതൊക്കെ ഉൾക്കൊള്ളാൻ കഴിയൂ.

ഇനി ഇമാം ബുഖാരി റിപ്പൊർട്ട് ചെയ്ത ഒരു ഹദീസ് കാണൂ:

**عن أبي موسى الأشعري رضي اللّه عنه قال: «كنتُ عند النبي صلى ا عليه وسلم ـ وهو نـازل بالْجِعرانـةِ بين مكة والمدينة ـ ومعه بِلال؛ فأتى النبي صلى ا عليه وسلم أعرابي فقال: ألاتُنجِزلي ما وعدتني؟ فقال لـه: أبشِر. فقال: قد أكثرتَ علي مِن «أبشِر». فأقبل على أبي موسى وبلالٍ كهيئةِ الغضبان فقال: رد البشرى؛ فـاقبلا أنتما. قالا: قبِلْنا. ثم دعا بقدح فيه ماء، فغسل يديهِ ووجهه فيه، ومج فيه ثم قال: اشربا منـه، وأفرِغـا علـى وجوهِكما ونحوركما وأبشِرا. فأخَذا القَدح فَفَعلا، فنادت أم سلمةَ من وراءِ الستر أن أفضِلا لأمكما. فأفـضلا لهـا منه طائفة** (رواه الإمام البخاري رقم الحديث ٤٢٢٥ باب غزوة الطائف كتاب المغازي ٣٦٨/٨).

അബൂ മൂസൽ അശ്അരി **رضي ا عنه** പറയുന്നു: ഞാൻ ജിഅ്റാന എന്ന സ്ഥലത്ത് നബിയുടെ കൂടെയായിരുന്നസമയത്ത് ഒരു അഅ്റാബി നബിയുടെ അടുക്കൽ വന്നു - നബിയുടെ കൂടെ ബിലാലുമുണ്ട് **رضي ا عنـه** - അഅ്റാബി പറഞ്ഞു അല്ല മുഹമ്മദേ നീ വാഗ്ദത്വം പാലിക്കില്ലേ? നബി തങ്ങൾ പറഞ്ഞു, താങ്കൾ സന്തോഷിക്കുക, അഅ്റാബി കോപത്തോടെ വീണ്ടും പറഞ്ഞു നീ കുറെ കാലമായി ഈ ആശ്വാസ വചനം പറയുന്നു (ഇനി അത് കേൾക്കാൻ ഞാനൊരുക്കമല്ലന്നർത്ഥം) ഇതു കേട്ടപ്പോൾ നബി **صـلى ا عليـه وسـلم** ദേഷ്യത്തോടെ അബൂ മൂസൽ അശ്അരിയുടെയും ബിലാലിൻെറയും ഭാഗത്തേക്ക് തിരിഞ്ഞു ഇങ്ങിനെ പറഞ്ഞു 'അവൻ എൻെറ സന്തോഷവാർത്തയെ നിരസിച്ചിരിക്കുന്നു അതുകൊണ്ട് നിങ്ങൾ രണ്ടുപേരും അത് സ്വീകരിക്കുക. അവർ രണ്ടു പേരും സന്തോഷത്തോടെ അത് സ്വീകരിച്ചു, ശേഷം അല്പം വെള്ളം കൊണ്ട് വരാൻ പറഞ്ഞു ആ വെള്ളത്തിലിട്ട് നബി തങ്ങൾ കൈയും മുഖവും കഴുകുകയും പിന്നീടതിൽ തുപ്പുകയും ചെയ്തു. എന്നിട്ട് പറഞ്ഞു അിതിൽ നിന്ന് നിങ്ങൾ രണ്ടു പേരും കുടിക്കുകയും മുഖത്തും നെഞ്ചത്തും ഒഴുക്കുകയും ചെയ്യുക നിങ്ങൾ സന്തോഷിക്കുകയും ചെയ്യുക. അവർ പറഞ്ഞതു പോലെ ആ പാത്രമെടുത്ത് അങ്ങിനെ ചെയ്തു ഇതു ഉള്ളിൽ നിന്നു കണ്ടു നിൽക്കുന്ന നബിയുടെ ഭാര്യ ഉമ്മു സലമ **رضـي ا عنها** വിളിച്ചു പറഞ്ഞു മക്കളെ അല്പം നിങ്ങളുടെ ഈ ഉമ്മാക്കും ബാക്കി വെക്കുക, അപ്പോൾ അവർക്കും അല്പം നൽകി. (സ്വഹീഹുൽ ബുഖാരി ഹദീസ് നമ്പ്ര്: **٤٢٢٥**)

എന്താണ് നാമീകണ്ടത്, നബി **صـلى ا عليـه وسـلم** കയ്യും മുഖവും കഴുകുയും തുപ്പുകയും ചെയ്ത വെള്ളം കുടിക്കാൻ കല്പിക്കുന്നു അത് കുടിച്ചാൽ നിങ്ങൾക്ക്

പല സന്തോഷങ്ങളുമുണ്ടാകുമെന്ന് നബി തങ്ങൾ ഉറപ്പുകൊടുക്കുന്നു, ആ വെള്ളം കിട്ടാൻ ഉമ്മു സലമ رضي ا عنها കൊതിക്കുന്നു. ഇവരുടെയൊന്നും ഈമാൻ കൊഴിഞ്ഞു പോയതായി കാണുന്നില്ല. ഇസ്ലാമിന്റെ വിശുദ്ധിക്ക് നിരക്കാത്തതോ ബുദ്ധിക്ക് യോചിക്കാത്തതായോ ഒന്നും അവരതിൽ കാണുന്നില്ല.

അതിലും രസകരമായ മറെറാരു ഹദീസ് കാണൂ: ഇമാം തിർമുദിയാണ് അത് റിപ്പോർട്ട് ചെയ്യുന്നത്:

عن أبي هريرة رضي ا عنه «أتيت رسول ا صلى ا عليه وسلّم بتمرات فقلت: ادع لي فيهن بالبركة، قـال فقبض ثم دعا ثم قال: خذهن فاجعلهن في مزود فإذا أردت أن تأخذ منهن فأدخل يدك فخذ ولاتنثـر بهـن نثـراً، فحملت من ذلك كذا وكذا وسقاً في سبيل ا ، وكنا نأكل ونطعم، وكان المزود معلقاً بحقوي لايفارقه، فلمـا قتـل عثمان انقطع» (رواه الترمذي وحسنه البيهقي)

“അബൂ ഹുറൈറ رضي الله عنه ൽ നിന്ന് നിവേദനം മഹാനവർകൾ പറയുന്നു: ഞാൻ ഒരുപിടി കാരക്കയുമായി തിരു നബി صلى الله عليه وسلم യുടെ അടുക്കൽ ചെന്നു പറഞ്ഞു: “അവിടുന്ന് ഇതിൽ ബറക്കത്തിനു വേണ്ടി ദുആ ചെയ്താലും” അപ്പോൾ തിരു നബി صلى الله عليه وسلم അത് വാങ്ങി അതിൽ ബറക്കത്തിന് വേണ്ടി ദുആ ചെയ്തു. ശേഷം അവിടുന്നു ഇങ്ങനെ അരുളി: ഇത് ഒരു സഞ്ചിയിലാക്കി സൂക്ഷിക്കുക. എപ്പോൾ നിനക്ക് ആവശ്യമാവുന്നോ അതിൽ കൈയിട്ട് എടുക്കുക, ചൊരിച്ച് എടുക്കരുത്. അബൂ ഹുറൈറ رضي الله عنه പറയുന്നു: അങ്ങിനെ ഈ ഒരു പിടി കാരക്കയിൽ നിന്ന് ഞാൻ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്തിട്ടുണ്ട്, ഞാനും എന്റെ കുടുംബവും അതിൽ നിന്ന് കഴിക്കാറുണ്ട് ആ സഞ്ചി എപ്പോഴും എന്റെ അരയിലുണ്ടാകും. അങ്ങിനെ ഉസ്മാൻ رضي الله عنه വിനെ കൊല്ലപ്പെട്ട സമയത്താണ് അത് നഷ്ടപ്പെട്ടുപോയത്. (തിർമുദി)

ആലോചിച്ചു നോക്കൂ സഹോദരൻമാരേ, ഒരു പിടി കാരക്ക അത് ഏകദേശം ഇരുപത് വർഷത്തോളം ഭക്ഷണത്തിനും ദാനം ചെയ്യാനും ഉപയോഗിച്ചുവെന്ന്. ഇതാണ് ബറക്കത്ത്. അതിൽ ബുദ്ധിക്ക് യാതൊരു സ്ഥാനവുമില്ല. വിശ്വസിച്ചേ പററൂ.

ഇദ്ദേഹം ബുദ്ധിക്കുൾക്കൊള്ളാൻ കഴിയാത്തതായി കൊടുത്ത ബുഖാരിയുടെ രണ്ട് ഹദീസുകളിൽ ഒന്ന് പരിശോധിച്ചു നോക്കൂ

عن عمرو بن ميمون رضي ا عنه قال: «رأيتُ في الجاهليةِ قِردةً اجتمع عليها قِردةٌ قد زنَت فرجموها، فرجمتها معهم». رواه البخاري رحمه ا رقم الحديث ٣٧٦٢)

"അംറുബ്നു മൈമൂൻ പറയുന്നു: ഞാൻ ഇസ്ലാം വരുന്നതിനുമുമ്പ് ജാഹിലിയ്യാ കാലഘട്ടത്തിൽ ഒരു കുരങ്ങൾ വ്യഭിചരിക്കുന്നത് കണ്ടു അപ്പോൾ മററു കുരങ്ങൻമാരെല്ലാം ഒത്തു കൂടി വ്യഭിചരിച്ച കുരങ്ങനെ എറിഞ്ഞു കൊന്നു. ഞാനും എറിയാൻ കൂടി" എന്ന്.

ഇതിനെ പരിഹസിച്ചുകൊണ്ട് ഈ സാധു പറയുന്നത് കാണുക:

> മനുഷ്യനെപ്പോലെ കുരങ്ങന്മാർക്കും ശരീഅത്ത് നിയമങ്ങൾ ബാധകമാണെന്നും പ്രസ്തുത ശരീഅത്തിൽ വ്യഭിചാരിക്കുള്ള ശിക്ഷ എറിഞ്ഞ് കൊല്ലലാണെന്നും നാം സമ്മതിച്ചുകൊടുക്കണോ? ഇതൊക്കെ കാണുമ്പോഴാണ്, സുഹൃത്തേ ചോദിക്കാൻ തോന്നുന്നത് ഇത് ഏതാ മോനേ ദുനിയാവ്!

ഈ "0" യുടെ വട്ടം വലുതാവുന്നത് ഇവിടെയാണ്. മാത്രമല്ല ചേകന്നൂരിൻെറ ദുനിയാവിൽ നിന്നാണ് ഈ "0" ചിന്തിക്കുന്നതെന്നും ബോധ്യപ്പെടുന്നു. ആരെങ്കിലും ഇങ്ങനെ ഒരു ശരീഅത്തുളളതായി രേഖപ്പെടുത്തിയിട്ടുണ്ടോ? സഹോദരാ, ജാഹിലിയ്യാ കാലത്ത് അദ്ദേഹം കണ്ട ഒരു കാര്യം ഉദ്ധരിച്ചു എന്നു മാത്രം. മൃഗങ്ങളിലുളള ഈ സദാചാരം നാമൊക്കെ കാണുന്നതാണ് അതിലെന്താ ബുദ്ധിക്കുൾക്കൊളളാൻ പ്രയാസമുളളത്.

ഇതുപോലെയുളള സംഭവങ്ങൾ ഖുർആനിൽ തന്നെയുണ്ട് സൂറത്തുൽ മാഇദയിൽ അല്ലാഹു പറയുന്നത് കാണൂ:
ആദം നബി عليه السلام മക്കളിൽ ഒരാൾ സ്വസഹോദരനെ കൊന്നപ്പോൾ ജഡം മറവു ചെയ്യേണ്ടതെങ്ങിനെയാണെന്ന അറിയാതെ കുഴങ്ങിയപ്പോൾ അല്ലാഹു കാക്കയെ നിയോഗിച്ച സംഭവം ഖുർആനിൽ അല്ലാഹു പറയുന്നു:

فَبَعَثَ ٱللَّهُ غُرَابًا يَبْحَثُ فِي ٱلْأَرْضِ لِيُرِيَهُۥ كَيْفَ يُوَٰرِى سَوْءَةَ أَخِيهِ ۚ قَالَ يَـٰوَيْلَتَىٰٓ أَعَجَزْتُ أَنْ أَكُونَ مِثْلَ هَـٰذَا ٱلْغُرَابِ فَأُوَٰرِىَ سَوْءَةَ أَخِى ۖ فَأَصْبَحَ مِنَ ٱلنَّـٰدِمِينَ ﴿٣١﴾


"തൻെറ സഹോദരൻെറ മയ്യിത്ത് മറവു ചെയ്യേണ്ടതെങ്ങിനെയാണെന്ന് കാണിച്ചുകൊടുക്കാനായി (ചത്ത കാക്കയെ കുഴിച്ചുമൂടാൻ) കുഴി തോണ്ടുന്ന ഒരു കാക്കയെ അല്ലാഹു നിയോഗിച്ചു. അതു കണ്ടു ഈ മനുഷ്യൻ പറഞ്ഞു കഷ്ടം! എൻെറ സഹോദരൻെറ മയ്യിത്ത് മറവുചെയ്യേണ്ടതെങ്ങിനെ എന്നു മനസ്സിലാക്കാൻ ഈ കാക്കയുടെ ബുദ്ധിപോലും എനിക്കുണ്ടായില്ലല്ലോ. അങ്ങിനെ അവൻ ഖേദത്തിലകപ്പെട്ടു" (സൂറത്ത് മാഇദ)

ഇതു കണ്ടപ്പോൾ സീറോയുടെ ബുദ്ധിയിൽ എന്തേ തെളിഞ്ഞതാവോ? കാക്കയുടെ ശരീഅത്ത് പിമ്പറേറണ്ട ഗതികേടായോ?

ബുഖാരിയിലെ അദ്ദേഹത്തിന് ഉൾക്കൊളളാൻ കഴിയാത്ത രണ്ടാമത്തെ ഹദീസിതാണ്:

**عن أبي هريرةَ عن النبيِّ صلى ا عليه وسلّم قال: «كانت بنو إسرائيلَ يغتَسلون عراةً ينظُرُ بعضهم إلى بعض، وكان موسى يغتسِلُ وحده. فقالوا: وا ـ مايمنَعُ موسى أن يغتسِلَ معنا إلاّ أنه آدر. فذهب مرةً يغتَسلُ، فوضع ثوبه على حجرٍ ففرَّ الحجر بثوبهِ، فخرج موسى في إثرهِ يقولُ: ثوبي يا حجر، حتى نَظَرتْ بنو إسرائيلُ إلى موسى فقالوا: وا ـ ما بموسى من بأس. وأخذ ثوبه فطَفِقَ بالحجر ضرباً» فقال أبو هريرةَ: وا ـ إنه لنَدَب بالحجر ستةٌ أو سبعةٌ ضرباً بالحجر (صحيح البخاري ٢٧٩)**

ഇതിനെ പരിഹസിച്ചുകൊണ്ട് ഈ കാക്ക പറയുന്നത് കാണൂ:


ഇപ്പോൾ പറയൂ, ബുഖാരിയിൽ ഉണ്ട് എന്ന കാരണത്താൽ അല്ലാഹുവിന്റെ ഒരു പ്രവാചകനെ നാം നഗ്നനാക്കി അങ്ങാടിയിലൂടെ ഓടിക്കണമോ? ആ ഒറ്റ കാരണത്താൽ അലക്കുകല്ലിന് ബുദ്ധിയുണ്ടെന്നും അതിന് ഇസ്റാഈലി പ്രഭുക്കന്മാർ അങ്ങാടിയിൽ ഇരിക്കുന്ന സ്ഥലം കൃത്യമായി അറിയാമായിരുന്നുവെന്നും അംഗീകരിക്കണമോ?

ഹദീസിൽ എവിടെയും ബനൂ ഇസ്റാഈല്യർ മൂസാ നബി عليه السلام നെ നഗ്നനാക്കി ഓടിച്ചു എന്നില്ല. അതുണ്ടങ്കിലല്ലെ ഈ ഇജ്തിഹാദിന് വകുപ്പുളളൂ. ശാന്തപുരം മൗദൂദി കോളേജിലല്ലേ പഠിച്ചത് അത്രയേ തിരിയൂ. ഫിന്നെയുളള ഒരു

യോഗ്യത ട്രാൻസലേഷനും. അവരുടെ സംശയം തീർക്കാൻ അല്ലാഹു ചെയ്ത പണിയാണത്. അവരുടെ ശരീഅത്തിൽ നഗ്നനായി കുളിക്കുന്നത് തെററല്ലന്ന് ഈ ഹദീസിൻെറ വ്യാഖ്യാനത്തിൽ ഇമാം ഇബ്നു ഹജറുൽ അസ്ഖലാനി പറഞ്ഞിട്ടുമുണ്ട്:

(يغتسلون عراة) ظاهره أن ذلك كان جائزا في شرعهم وإلا لما أقرهم موسى على ذلك، وكان هو عليه السلام يغتسل وحده أخذا بالأفضل. (فتح الباري)

പിന്നെ കല്ലു കാണിച്ച അൽഭുതങ്ങൾ അല്ലാഹുവിൻെറ കഴിവിൽ വിശ്വാസമുള്ളവർക്ക് അൽഭുതമല്ല. ഖുർആനിലുണ്ടല്ലോ മനുഷ്യൻെറ നാവിന് സീലു വെക്കുകയും കൈക്കാലുകൾ സംസാരിക്കുകയും ചെയ്യുമെന്ന്. അൽഭുതകരമായ ഹുദ്ഹുദിൻെറ കഥ ഖുർആൻ പറയുന്നുണ്ട്, തിരു നബി صلى الله عليه وسلم യ്ക്ക് സലാം പറഞ്ഞിരുന്ന കല്ലിൻെറ കഥ ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കരഞ്ഞ ഈത്തപ്പന മുട്ടിയുടെ കഥ ഇമാം ബുഖാരി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇതൊന്നും വിശുദ്ധ ഖുർആനിലെ സൂറത്തു യാസീനിലെ

إِنَّمَآ أَمۡرُهُۥٓ إِذَآ أَرَادَ شَيۡـًٔا أَن يَقُولَ لَهُۥ كُن فَيَكُونُ ﴿٨٢﴾

"നിശ്ചയം അല്ലാഹുവിൻെറ കാര്യം, അവൻ ഒരു കാര്യമുദ്ദേശിച്ചാൽ അതു ഭവിക്കട്ടെ എന്നു പറഞ്ഞാൽ ഉടനെ അത് സംഭവിക്കും"
ഈ ആയത്തിൽ വിശ്വാസമുള്ളവർക്ക് ഇതൊന്നും വിശ്വാസിക്കാൻ പ്രയാസമില്ല. അല്ലാതെ:

ഇതൊക്കെ കാണുമ്പോഴാണ്, സുഹൃത്തേ ചോദിക്കാൻ തോന്നുന്നത് ഇത് ഏതാ മോനേ ദുനിയാവ്!

ഞങ്ങളുടെ ദുനിയാവ് ഖുർആനിൻെറയും സുന്നത്തിൻെറയുള്ള പിന്തുണയുള്ള ദുനിയാവ് താങ്കളുടേത് ചേകന്നൂരിൻെറ ദുനിയാവും.

ഇനി നമുക്ക് അദ്ദേഹത്തിൻെറ മററു കുറിപ്പുകളിലേക്ക് നീങ്ങാം. ഈ "0" യുടെ ഒന്നാമത്തെ ലേഖനത്തിലെ ചില വരികൾ കാണുക:

'പ്രവാചകനിന്ദ : എൻഡി എഫുകാർ ഒ അബ്ദുല്ലയുടെ തല വെട്ടുമോ' എന്ന ചോദ്യത്തിലെ അബ്ദുല്ല എന്ന അക്ഷരങ്ങൾ എന്റെ കണ്ണുകളുമായി ഉടക്കുന്നത് അന്നേരത്താണ്. സൂക്ഷിച്ചുനോക്കി. അവയിലെ ഓരോ അക്ഷരങ്ങൾക്കും നിരപരാധിയായ ചേകന്നൂർ മൗലവിയുടെ രക്തത്തിന്റെ മണം.

ഇതിൽ രണ്ടു കാര്യങ്ങൾ മുഴച്ചു നിൽക്കുന്നു. ഒന്ന് നിരപരാധിയായ ചേകന്നൂർ എന്നതിൽ നിന്ന് ചേകന്നൂരിൻെറ ആശയവുമായി ഈ സാധൂനുള്ള ബന്ധം പ്രകടമാകുന്നു. (അതാണ് ഈ എളിയവൻ ചേകന്നൂരിയെന്നൊക്കെ വിളിക്കാൻ കാരണം) അല്ലങ്കിലും ആ വികല ആശയങ്ങളെ പുതിയ കുപ്പിയിൽ പ്രചരിപ്പിക്കുകയാണ് ഈ "0" ചെയ്യുന്നതെന്ന് വ്യക്താമവാൻ ഈ മൂന്ന് കുറിപ്പുകൾ തന്നെ മതി.

രണ്ടാമതായി. പോലീസ് നായയേക്കാൾ ഇത്രമാത്രം രക്തത്തിൻെറ മണം അറിയുന്നയാൾക്ക് കോടതിയിൽ സാക്ഷിയാവാമായിരുന്നില്ലേ ആ നിരപരാധിയുടെ കുടുംബത്തിന് നീതി വാങ്ങിച്ചു കൊടുക്കാമായിരുന്നില്ലേ? താൻ പഠിച്ച അനേകം സ്ഥാപനങ്ങളുടെ സംസ്കാരമായിരിക്കും മററുള്ളവരെ കുറിച്ച് കളവു പറയുകയെന്നത്. അദ്ദേഹം വാചാലനാകുന്നത് കാണുക:

ഇവിടെ നഗ്നമായി അപമാനിക്കപ്പെടുന്ന നൈതികതയെ കുറിച്ച് ദയവായി ചോദിക്കരുത്, കളവ് പറയരുത്, അന്യരുടെ രക്തത്തിന് ദാഹിക്കരുത്, വിയോജിപ്പ് എന്ന് കരുതി പ്രതിയോഗികളെ തെറി പറയരുത് എന്നൊന്നും പഠിപ്പിക്കാനല്ലല്ലോ പ്രവാചകൻ സമാഗതനായത്.

**സത്യത്തിൽ ഇതെല്ലാം ചെയ്യുന്നത് ടിയാനാണെന്ന് പകൽ വെളിച്ചം പോലെ വ്യക്തമാണ്. തിരു നബി صلى الله عليه وسلم യെ പരിഹസിക്കുന്നതിന് ഒരു ഉദാഹരണം കാണൂ:**

അദ്ദേഹം വന്നത് സ്വന്തം ശരീര വിസർജ്യങ്ങൾ അനുയായികൾക്കിടയിൽ വിതരണം ചെയ്യാനും അവ അന്ത്യനാൾ വരെ സൂക്ഷിച്ചുവെച്ച് വെള്ളം ഒഴിച്ച് കുടിച്ച് ഉടലോടെ സ്വർഗത്തിൽ പോകാൻ വഴി ഒരുക്കാനുമാണ്.

**ഇനി ഈ ദേഹത്തിൻെറ സുന്നത്തിനെ കുറിച്ചുളള വിവരത്തിൻെറ ആഴം മനസ്സിലാക്കാൻ പററിയ വരികൾ കാണുക:**

'നിങ്ങൾക്കായി രണ്ട് കാര്യങ്ങൾ ഞാൻ വിട്ടേച്ച് വച്ചിരിക്കുന്നു-ഒന്ന് അല്ലാഹുവിന്റെ ഗ്രന്ഥം. മറ്റൊന്ന് അല്ലാഹുവിന്റെ റസൂലിന്റെ ചര്യ.' ഈ നബിവചനത്തെ ഇവർ തിരുത്തുന്നു; അതനുസരിച്ച് പ്രവാചകൻ വിട്ടേച്ച് പോയിരിക്കുന്ന പ്രസ്തുത രണ്ട് സാധനങ്ങൾ അദ്ദേഹത്തിന്റെ നഖവും മുടിയുമാണ്. അല്ലെങ്കിൽ അതുപോലത്തെ മറ്റ് മാലിന്യങ്ങളാണ്. അവ എടുത്ത് സൂക്ഷിച്ച് വെള്ളം ഒഴിച്ച് കുടിച്ചാൽ ലോകസമാധാനത്തിനും മനുഷ്യരാശി അഭിമുഖീകരിക്കുന്ന സമസ്ത പ്രശ്നങ്ങൾക്കും പരിഹാരത്തിനായി മറ്റ് എവിടെയും പോകണ്ട.

**ഇങ്ങിനെ ഒരു ഹദീസ് (മറെറാന്ന് അല്ലാഹുവിൻെറ റസൂലിൻെറ ചര്യ) എന്നതു തന്നെ സ്വഹീഹായി വന്നിട്ടില്ല.**
**സ്വഹീഹായിട്ടുളളത്. ഒന്നാമത്തേത് ഖുർആനും രണ്ടാമത്തേത് എൻെറ അഹ്ലു ബൈത്തുമെന്നതാണ്. ഇമാം മുസ്ലിം റിപ്പോർട്ട് ചെയ്ത ആ സ്വഹീഹായ ഹദീസ് താഴെ:**

ألا أيها الناسُ فإنما أنا بَشَرٌ يوشِكُ أنْ يأتِيَ رَسُولُ رَبّي فأجيب. وأنا تارِكٌ فيكُمْ ثقلَيْنِ: أوّلهُما كتابُ اللهِ فِيهِ الهُدى والنّور. فخذُوا بكِتابِ اللهِ. واسْتَمْسِكُوا بهِ» فحثّ علَى كِتابِ اللهِ ورَغّبَ فِيهِ. ثمّ قال: «وأهْلُ بَيْتِي. أذكِّرُكُمُ اللهَ فِي أهْلِ بَيْتِي. أذكِّرُكُمُ اللهَ فِي أهْلِ بَيْتِي. أذكِّرُكُمُ اللهَ فِي أهْلِ بَيْتِي.» (رواه مسلم ٦١٧٨)

**"അഹ്ലു ബൈത്തിലേങ്ങ് മടങ്ങുക" എന്നത് തിരു കേശത്തെ ആദരിക്കുന്നതു പോലെ ബുദ്ധി ശൂന്യമായിരിക്കാം ഈ ചേകന്നൂരിൻെറ ശിഷ്യന്.**

**അപ്പോൾ പ്രവാചകൻ വിട്ടേച്ച് പോയിരിക്കുന്ന പ്രസതുത രണ്ട് സാധനങ്ങൾ അവരുടെ നഖവും മുടിയുമാണ് അല്ലെങ്കിൽ അതുപോലത്തെ മാലിന്യങ്ങളാണ്" എന്നത് കളവു പറയുകയാണ്. അങ്ങിനെ ആരും പറഞ്ഞിട്ടില്ല. ഇവ രണ്ടും മാത്രമാണ് തിരു നബി صلى الله عليه وسلم വിട്ടേച്ചു പോയതെന്ന് ആരും പറഞ്ഞിട്ടില്ല.**

**അതേ സമയം ഇവ രണ്ടും അതിലപ്പുറവും സമൂഹത്തിന് അനുഗ്രഹമായി തിരു നബി صلى الله عليه وسلم വിട്ടേച്ചു പോയിട്ടുണ്ടന്ന് ഇമാം ബുഖാരി പറയുന്നത് കാണുക. മുസ്ലിംകൾക്ക് വിശുദ്ധ ഖുർആൻ കഴിച്ചാൽ ഏററവും പ്രാമാണികമായി കാണുന്ന ഗ്രന്ഥം സ്വഹീഹുൽ ബുഖാരിയാണ്. അതിൽ ഇമാം ബുഖാരി ഒരദ്ധ്യായത്തിനു നൽകിയ പേര് കാണുക:**

باب ما ذُكِر من دِرع النبيّ صلى ا عليه وسلّم وعصاه وسيفِهِ وقدحِهِ وخاتمِهِ وما استعمل الخُلفاء بعده من ذلك مما لم يذكر قسمته ومن شَعرِهِ ونعلِهِ وآنيته مما تبّرك أصحابه وغيرهم بعد وفاته.

"തിരു നബി صلى الله عليه وسلم യുടെ അങ്കിയെക്കുറിച്ചും വടി, വാൾ, പാനപാത്രം, മോതിരം തുടങ്ങി തിരുനബി صلى الله عليه وسلم യ്ക്ക് ശേഷം ഖുലഫാഉ റാശിദുകൾ ഉപയോഗിച്ചവയെ കുറിച്ച് പറയുന്ന അദ്ധ്യായം. അവ അനന്തരസ്വത്തായി വീതിക്കപ്പെട്ടതായി പറയപ്പെട്ടിട്ടില്ല. അതുപോലെ തിരു നബി صلى الله عليه وسلم യുടെ വഫാത്തിന് ശേഷം അവിടുത്തെ സ്വഹാബത്തും അല്ലാത്തവുരം ബറക്കത്തിനായി ഉപയോഗിച്ച അവിടുത്തെ മുടി, ചെരിപ്പ്, പാത്രങ്ങൾ എന്നിവയെ കുറിച്ചും പറയുന്ന അദ്ധ്യായം"

നോക്കൂ ഇമാം ബുഖാരിയെപ്പോലുളള ലോകപ്രസിദ്ധനായ ഒരു ഇമാം തൻെറ ഏററവും പ്രസിദ്ധമായ കിതാബിൽ നൽകിയ അദ്ധ്യായത്തിൻെറ പേരാണിത്. അവർ ഇതു എഴുതിയപ്പോഴോ (അവരുടെ കാലഘട്ടം ഹി. 195 മുതൽക്കാണെന്നോർക്കുക) അിതനുശേഷം 1300-ാളം വർഷങ്ങൾക്കിടയിലോ ഒരു ഇമാമും ഇത് തെററാണെന്നോ ബുദ്ധിക്കും ഇസ്ലാമിൻെറ സംസ്കാരത്തിനും യോജിക്കാത്തതാണെന്നോ പറഞ്ഞതായി രേഖയില്ല. പിന്നെ പട്ടിക്കാട് ഇസ്ലാഹിയാ കോളേജിൽ നിന്നും ചേകന്നൂരിൻെറടുത്ത് നിന്നും ബിരുധമെടുത്ത ഒരു "സീറോ" അതിനെ തളളിപ്പറഞ്ഞാൽ അവരുടെ സ്ഥാനം ചവററുകൊട്ടയായിരിക്കുമെന്നോർക്കുക. അല്ലങ്കിൽ വിടുവായുത്തം പറയാതേ രേഖ കാണിക്കൂ.

ഇനി ഇമാം ദഹബി رحمه الله തൻെറ സിയറിൽ പറയുന്നത് കാണൂ:

قال الحافظ الذهبي (١/٣٧٤-٣٧٥): قال هشيم: حدثنا عبد الحميد بن جعفر، عن أبيه، أن خالد بن الوليد فقد قلنسوة له يوم اليرموك، فقال: اطلبوها. فلم يجدوها. ثم وجدت فإذا هي قلنسوة خَلَقَة (أي بالية). فقال خالد: اعتمر رسول الله صلى الله عليه وآله وسلم ، فحلق رأسه، فابتدر الناس شَعره، فسبقتهم إلى ناصيته، فجعلتها في هذه القلنسوة، **فلم أشهد قتالاً وهي معي إلا رزقتُ النصر.**

സുപ്രസിദ്ധ സ്വഹാബി വര്യനായ ഖാലിദുബ്നുൽ വലീദ് رضي الله عنه പറയുന്നത് കാണൂ: യർമൂക് യുദ്ധത്തിൽ തൻെറ തലയിൽ ധരിച്ചിരുന്ന തൊപ്പി നഷ്ടപ്പെട്ടപ്പോൾ അത് തിരഞ്ഞുപിടിച്ച് കൊണ്ടവരാൻ പ്രജകളോട് കൽപിച്ചു അങ്ങിനെ അത് കണ്ട്കിട്ടിയപ്പോൾ പ്രജകൾ അൽഭുതപ്പെട്ടുപോയി ഈ പഴകി കീറിപ്പറിഞ്ഞ തൊപ്പിയാണോ ഇത്ര ഗൗരവത്തോടെ കണ്ടത്താൻ പറഞ്ഞത്? അപ്പോൾ മഹാനായ ഖാലിദുബ്നുൽ വലീദ് رضي الله عنه പറഞ്ഞു, നബി صلى الله عليه وسلم ഉംറ നിർവ്വഹിച്ചപ്പോൾ അവിടുത്തെ തല മുണ്ഡനം ചെയ്തു സ്വഹാബത്ത് അവിടുത്തെ മുടി കിട്ടാൻ ദൃതി കാണിച്ചു എനിക്ക് അവിടുത്തെ മൂർദ്ദാവിലെ മുടി തന്നെ കിട്ടി ഞാനവ ഈ തൊപ്പിയിൽ പിടിപ്പിച്ചു അതിന് ശേഷം ഞാൻ പങ്കടുത്ത ഒരു യുദ്ധവും വിജയിക്കാത്തതായിട്ടില്ല." ചിന്തിക്കൂ സഹോദരൻമാരേ ലോകത്തിന് സമാധാനവും വിജയവും കിട്ടാൻ മാത്രം പവിത്രതയുളളതാണ് തിരു നബി صلى الله عليه وسلم യുടെ തിരുശേഷിപ്പെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. അല്ലാഹു رضي الله عنهم

എന്ന് സർട്ടിഫിക്കററ് നൽകിയ സഹാബത്ത് അങ്ങിനെ വിശ്വസിച്ചിരുന്നു പിന്നെ ചേകന്നൂരിൻെറ ശിഷ്യൻ പറയുന്നത് നമുക്ക് വലിച്ചെറിയാം.

ഇനി മറെറാരു പ്രസിദ്ധ സ്വഹാബിയായ മുആവിയ رضي الله عنه പറയുന്നത് കാണുക:

يقول الصحابي الجليل سيدنا معاوية رضي الله عنه: يا بني إني خرجت مع رسول الله صلى الله عليه وسلم فكان إذا مضى لحاجته وتوضأ أصب الماء على يديه فنظر إلى قميص لي قد انخرق من عاتقي ، فقال لي يا معاوية ألا أكسوك قميصا؟ قلت بلى فكساني قميصا لم ألبسه إلا لبسة واحدة وهو عندي واجتز ذات يوم فأخذت جزازة شعره وقلامة أظفاره فجعلت ذلك في قارورة فإذا مت يابني فاغسلني ثم اجعل ذلك الشعر والأظفار في عيني ومنخري وفمي ثم اجعل قميص رسول الله صلى الله عليه وسلم شعارا من تحت كفني إن نفع شيء نفع هذا (شرح كتاب زاد المسلم ٤/٢١٢).

"മഹാനവർകൾ തൻെറ മകനോട് പറയുന്നു: മോനേ, ഞാൻ തിരു നബി صلى الله عليه وسلم യോടൊപ്പം ഒരിക്കൽ യാത്രപോയിരുന്നു അപ്പോൾ അവിടുന്നു വുളൂ ചെയ്യുമ്പോൾ ഞാനായിരുന്നു വെള്ളം ഒഴിച്ചുകൊടുത്തിരുന്നത്. കഴുത്തിൻെറ ഭാഗത്ത് കീറിയ എൻെറ വസ്ത്രം തിരു നബി صلى الله عليه وسلم കാണാനിടയായി അവിടുന്നു പറഞ്ഞു ഓ മുആവിയാ, നിനക്ക് ഞാൻ ഒരു വസ്ത്രം തരട്ടയോ, ഞാൻ പറഞ്ഞു അതേ, അങ്ങിനെ അവിടുന്നു ഒരു വസ്ത്രം എനിക്ക് ധരിപ്പിച്ചു. ഞാനത് ഒരിക്കൽ മാത്രമാണ് ധരിച്ചത് അതിപ്പോഴും എൻെറ കയ്യിൽ സൂക്ഷിച്ചു വെച്ചിട്ടുണ്ട്. (തിരു നബി صلى الله عليه وسلم യുടെ ജീവിത കാലവും നാല് ഖുലഫാഉ റാശിദുകളുടെ ജീവിത കാലവും അതിനു ശേഷം ആറു മാസം ഹസൻ رضي الله عنه ൻെറ ഭരണ കാലവും കഴിഞ്ഞതിനു ശേഷമാണ് മുആവിയ رضي الله عنه ഭരണകാലമെന്നോർക്കുക അത്രയും കാലം ഈ വസ്ത്രം ബദ്രമായി മഹാനവർകൾ സൂക്ഷിച്ചു വെച്ചിരുന്നു എന്നർഥം) അതു പോലെ ഒരു ദിവസം അവിടുന്ന് നഖവും മുടിയും വൃത്തിയാക്കിയപ്പോൾ അവ ഞാൻ ഒരു കുപ്പിയിൽ പ്രത്യേകം ശേഖരിച്ചു വെച്ചിട്ടുണ്ട്. ഞാൻ മരിച്ചാൽ മോനേ നീ എന്നെ കുളിപ്പിക്കണം ശേഷം ആ മുടിയും നഖവും എൻെറ കണ്ണിലും മൂക്കിലും വായയിലും നീ വെക്കണം. ശേഷം തിരുനബി صلى الله عليه وسلم എന്നെ ധരിപ്പിച്ച ആ വസ്ത്രം എൻെറ അരയുടുപ്പാക്കണം മരണ ശേഷം എനിക്ക് വല്ലതും ഉപകാരം ചെയ്യുകയാണെങ്കിൽ അവ ഇവ മാത്രമായിരിക്കും."

നോക്കൂ സഹോദരൻമാരേ ഈ സ്വഹാബിയുടെ വാക്ക് "മരണ ശേഷം എനിക്ക് വല്ലതും ഉപകാരം ചെയ്യുകയാണെങ്കിൽ അതിതായിരുക്കും" എന്നത്. ഈ ലോകത്ത് മാത്രമല്ല പരലോക വിജയത്തിനും സ്വഹാബത്ത് തിരു ശേഷിപ്പുകൾ ഉപയോഗിച്ചിരുന്നു എന്നാണല്ലോ വ്യക്തമാക്കുന്നത്. അവർക്കാർക്കും തിരിയാത്ത ഒരു സംസ്കാരവും ബുദ്ധിയും ചേകന്നൂരികൾക്കുണ്ടന്ന് മുസ്ലിം ലോകം വിശ്വസിക്കുന്നില്ല.

ഇനി ഇദ്ദേഹം എൻ.ഡി.എഫിൻെറ ഭീകരവാദത്തിന് കൂട്ടു നിൽക്കുന്നത് കാണുക:

പടച്ചവനെക്കൊണ്ട് മുഹമ്മദ് നബിയെ
'നായിന്റെ മോൻ' എന്ന് വിളിപ്പിച്ചതിന്നാണ്
ജോസഫിന്റെ കൈ വെട്ടിയത്.

ഇങ്ങനെ അന്യമതസ്ഥർ പറയുന്നതിനെതിരെ ഇന്ത്യപോലുള്ള രാജ്യത്ത് നിയമം കയ്യിലെടുത്ത് കൈവെട്ടാനും തലവെട്ടാനും ഭീകരത സൃഷ്ടിക്കാനും ഏത് ഇസ്ലാമാണ് ഈ "0"ക്ക് അനുവാദം നൽകിയതാവോ?

ഇനി ടിയാൻ ചെയ്തതോ?:

ഞാൻ ചെയ്തതാവട്ടെ, കാരന്തൂർ മർകസിൽ ഉണ്ട് എന്നു പറയുന്ന തലമുടി നബി തിരുമേനിയുടേതാണെന്നതിന് സ്ഥിരീകരണം ആവശ്യമാണ്; അഥവാ അത് സ്ഥിരീകൃതമായാൽതന്നെ തന്റെ ശരീര ശേഷിപ്പുകൾ വെള്ളത്തിൽ ഇട്ട് കുടിക്കാൻ വിശ്വാസികൾ അനുശാസിക്കപ്പെട്ടിട്ടുണ്ടോ എന്ന കാര്യം പരിശോധനാ വിധേയമാക്കണം; എന്ന് പറയുക മാത്രമാണ്.

**സഹോദരാ, താങ്കൾ ചെയ്തത് അതു മാത്രമല്ല. കാരന്തൂരിലെ മുടിയുടെ സ്ഥിരീകരണത്തെ കുറിച്ച് മാത്രമാണ് താങ്കളെഴുതിയതെങ്കിൽ ഞങ്ങളാരും അതിൽ വേദനിക്കില്ല. മറിച്ച് താങ്കളെഴുതിയത് അന്യ മതസ്ഥനായ ജോസഫ് എഴുതുകയും പറയുകയും ചെയ്തതിനേക്കാൾ ഭീകരമായിരുന്നു അതിൽ ചിലത് കാണുക:**

**ഒന്നാമത്തെ ലേഖനത്തിൽ നിന്ന്:**

മഹാന്മാരായ പ്രവാചകന്മാരുടെ ബോഡി വേസ്റ്റ്- ശരീരവിസര്ജ്യം- പരിശുദ്ധമോ അതോ മറ്റേതൊരു മനുഷ്യന്റേതും പോലെ ദൂരെ കളയേണ്ട മാലിന്യമോ?

**തിരു നബി صلى الله عليه وسلم യുടെ മുടി പോലുള്ള തിരു ശേഷിപ്പുകൾ പരിശുദ്ധവും ബറക്കത്തെടുക്കാൻ പര്യാപ്തവുമാണെന്നും ഖുലഫാഉ റാശിദുകൾ പോലും അതിന് പവിത്ര കൽപിച്ചിരുന്നു എന്നും ബുഖാരിയുടെ അദ്യായത്തിൽ നിന്ന് നാം കണ്ടു. ഒരു പാട് ഹദീസുകളും നാം കണ്ടു.**

**അതേ ലേഖനത്തിലെ മറെറാരു പരാമർശം:**

പച്ചമലയാളത്തില് തലമുടി എന്നോ തലനാര് എന്നോ ശിരോരോമമെന്നോ പറയുന്നതിനു പകരം 'ശഅ്റെ മുബാറക്' എന്നാണു മര്കസുകാര് തങ്ങളുടെ കൈവശമുള്ള മുടിനാരിനെ പരിചയപ്പെടുത്തിക്കണ്ടത്. അറബിഭാഷയിലുള്ള 'ശഅ്റി'നെ ഉര്ദു സ്റ്റൈലില് മുബാറക്കിലേക്കു ചേര്ത്തു മുടിയെ രണ്ട് അന്യഭാഷകള്ക്കിടയില് ഒളിപ്പിച്ചതിന്റെ ഗുട്ടന്സ് സഖാഫി പണ്ഡിറ്റുകള് വിശദീകരിക്കുമായിരിക്കും.

**ഈ സാധു, പുതിയ ലേഖനങ്ങളിൽ രണ്ടാമത്തെ ലേഖനവും ആദ്യത്തെ ലേഖനത്തിൻെറ അവസാന ഭാഗവും ഞാനൊരു "സീറോ"യോ "വട്ടപൂജ്യമോ" അല്ലന്ന് തെളിയിക്കാനാണ് ഉപയോഗിച്ചത്. തൻെറ കുറെ ഡിഗ്രികളും പഠിച്ച സ്ഥാപനങ്ങളുടെ പട്ടികയുമൊക്കെ നിരത്തുകയും ദ്വിഭാഷിയാണെന്ന് തെളിയിക്കാൻ പരിഭാഷകനായ കഥയുമൊക്കെ എഴുതുകയുണ്ടായി പക്ഷെ അതൊക്കെ അറബി ഭാഷയുടെ കാര്യത്തിൽ തൻെറ പൂജ്യത്തിൻെറ വട്ടം വർദ്ധിപ്പിക്കുന്നതാണെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. الشعر المبارك എന്നത് ഉർദു അല്ല അറബി സാഹിത്യമാണ്. അത് തിരു നബി صلى الله عليه وسلم യുടെ മുടിയെകുറിച്ച് ഇമാമുകൾ പറഞ്ഞ പദവുമാണ്. സ്വഹീഹിൽ ബുഖാരിക്ക് വ്യാഖ്യാനമെഴുതിയ ബദ്റുദ്ദീനുൽ ഐനി رحمه الله തൻെറ ഉംദത്തുൽ ഖാരി യിൽ പറയുന്നത് കാണുക:**

**وهي الإجانة ويجعل فيها ماء وشيء من <u>الشعر المبارك</u> ويجلس فيها فيحصل له الشفاء، ثم يرد الشعر إلى الجلجل،**

**ബുഖാരിയിലെ തിരുകേശത്തെ കുറിച്ച് വന്ന പ്രസിദ്ധ ഹദീസിന് വ്യാഖ്യാനമെഴുതിക്കൊണ്ട് മഹാനവർകൾ പറയുന്നു: " 'ഇജാന'യിൽ അല്പം വെള്ളവും ശഅ്റെ മുബാറകും വെക്കും ശേഷം അതിൽ രോഗി ഇരിക്കും അതു മൂലും രോഗ ശമനം ലഭിക്കുമെന്ന്" തിരു നബിയുടെ മുടിയെ കുറിച്ച് ഇമാമുകൾ ആദര സൂചകമായി പറഞ്ഞ വാക്കാണ് "അൽ-ശഅ്റുൽ മുബാറക്" എന്നത്.**

**ഒന്നാമത്തെ ലേഖനത്തിൽ തന്നെയുള്ള മറെറാരു പരാമർശം കാണുക:**

കാരന്തൂരിലുണ്ടെന്നു പറയുന്ന രോമം 1500 വര്ഷത്തിനപ്പുറം ജീവിച്ച മുഹമ്മദ് നബിയുടേതു തന്നെയാണ് എന്നു കൃത്യമായി തെളിഞ്ഞാല്പ്പോലും പ്രവാചകകേശത്തെ ബഹുമാനിക്കാനും അതു കാലങ്ങളിലൂടെ സൂക്ഷിച്ച് അതു കഴുകിയ വെള്ളം പാനം ചെയ്യാനും വിശ്വാസി ആജ്ഞാപിക്കപ്പെട്ടിട്ടുണ്ടോ എന്നത് ആഴത്തില് പരിശോധിക്കേണ്ട കാര്യങ്ങളാണ്.

ഇതും ഈ ചേകന്നൂരിയുടെ ഇസ്‌ലാമിക ജ്ഞാനത്തിൻെറ ആഴവും പഠിച്ച സ്ഥാപനങ്ങളുടെ ഇസ്‌ലാമിക ബന്ധവും വ്യക്തമാക്കുന്നവയാണ്. തിരു നബി صلى الله عليه وسلم യുടെ തിരു ശേഷിപ്പുകൾ ആദരിക്കണമെന്നത് മുസ്‌ലിം ഉമ്മത്തിൻെറ ഇജ്മാഇന് തുല്യമാണെന്ന് ഇമാം നവവി رحمه الله തൻെറ ശറഹുൽ മുസ്‌ലിമിൽ പറഞ്ഞിട്ടുണ്ട്:

(فأخرج لنا سهل ذلك القدح فشربنا منه قال ثم استوهبه بعد ذلك عمر بن عبد العزيز فوهبه له) يعني القدح الذي شرب منه رسول الله صلى الله عليه وسلم هذا فيه التبرك بآثار النبي صلى الله عليه وسلم وما مسه أو لبسه أو كان منه فيه سبب، وهذا نحو ما أجمعوا عليه وأطبق السلف والخلف عليه من التبرك بالصلاة في مصلى رسول الله صلى الله عليه وسلم في الروضة الكريمة، ودخول الغار الذي دخله صلى الله عليه وسلم وغير ذلك، ومن هذا إعطاؤه صلى الله عليه وسلم أبا طلحة شعره ليقسمه بين الناس، وإعطاؤه صلى الله عليه وسلم حقوه لتكفن فيه بنته رضي الله عنها، وجعله الجريدتين على القبرين، وجمعت بنت ملحان عرقه صلى الله عليه وسلم، وتمسحوا بوضوئه صلى الله عليه وسلم، ودلكوا وجوههم بنخامته صلى الله عليه وسلم، وأشباه هذه كثيرة مشهورة في الصحيح وكل ذلك واضح لا شك فيه.

"ഈ ഹദീസിൽ നബി صلى الله عليه وسلم യുടെ ജീവിതവുമായി ബന്ധപ്പെട്ടവയിൽ നിന്ന്, നബി തങ്ങൾ തൊട്ടതും ധരിച്ചതും അല്ലങ്കിൽ നബിയുമായി എന്തങ്കിലും ബന്ധമുളളവയിൽ നിന്നൊക്കെ ബറക്കത്തെടുക്കൽ അനുവദനീയമാണെന്നുണ്ട് എന്നല്ല അത് ഇജ്മാഇന് തുല്യമാണ്. പൂർവ്വീകരും പിൽക്കാല പണ്ഡിതരും ഏകോപിച്ച വിഷയമാണ് നബി صلى الله عليه وسلم നിസ്കരിച്ച സ്ഥലത്തുവെച്ച് നിസ്കരിക്കുക, നബി തങ്ങൾ പ്രവേശിച്ച ഗുഹയിൽ പ്രവേശിക്കുക തുടങ്ങിയവയൊക്കെ. നബി صلى الله عليه وسلم ബറക്കത്തിന് വേണ്ടി നൽകിയവയിൽ പെട്ടതാണ് അബൂത്വൽഹത്ത് رضي الله عنه ൻെറ പക്കൽ വിതരണത്തിനായി നൽകിയ മുടി, തൻെറ മകൾ സൈനബ رضي الله عنها യയക്ക് കഫൻതുണിയായി നൽകിയ വസ്ത്രം, ഖബ്റിൻെറ മുകളിൽ കുഴിച്ചിട്ട ഈത്തപ്പനച്ചില്ലകൾ, സ്വഹാബി വനിത ശേഖരിച്ച വിയർപ്പ്, വുസൂ ചെയ്യുമ്പോൾ ഉററുവീഴുന്ന വെളളം സ്വഹാബത്തെടുത്ത് തടവിയത്, അവിടുത്തെ മൂക്കിൽ നിന്നൊലിച്ചതെടുത്ത് മുഖത്ത് പുരട്ടിയത് തുടങ്ങിയവയൊക്കെ. ഇത്തരം അനേകം സംഭവങ്ങൾ സ്വഹീഹ് മുസ്‌ലിമിലും ബുഖാരിയിലുമുണ്ട് അവം പ്രസിദ്ധവുമാണ്, സംശയലേശമന്യേ വ്യക്തവുമാണ്". (ശറഹു മുസ്‌ലിം 13/145).

ഇങ്ങനെ ഇജ്മാഉളള ഒരു വിഷയം ഇനി ആഴത്തിൽ പഠനവിധേയമാക്കേണ്ട ഒരാവശ്യവുമില്ല. ഇജ്മാഇനെ തളളിയവന് ഇസ്‌ലാമിൽ ഒരു സ്ഥാനവുമില്ല.

പ്രസിദ്ധ ഹദീസ് ഗ്രന്ഥമായ സ്വഹീഹ് മുസ്‌ലിമിൽ ഇമാം മുസ്‌ലിം رحمه الله ഒരു അദ്ധ്യായം കൊടുക്കുന്നത് കാണുക:

باب طيب عرق النبيّ والتبرك به

"തിരു നബി صلى الله عليه وسلم യുടെ വിയർപിൻെറ പരിമളവും അതുകൊണ്ട് ബറക്കത്തെടുക്കുന്നതിനെ കുറിച്ചും പറയുന്ന അദ്ധ്യായം" ഈ അദ്ധ്യായത്തിൽ നിന്ന് മനസ്സിലാക്കാം ലോക മുസ്‌ലിമീങ്ങൾ സീറോ അബ്ദുല്ലയെപോലുളള ചേകന്നൂരികൾ വരുന്നതിനു മുമ്പ് തന്നെ തിരു നബി صلى الله عليه وسلم യുടെ തിരു ശേഷിപ്പുകളെ കുറിച്ച് ആഴത്തിൽ പഠന വിധേയമാക്കുകയും അവയെ ആദരിക്കലും ബറക്കത്തെടുക്കലും പുണ്യമാണെന്നും വിധിയെഴുതിയിട്ടുണ്ടെന്ന്.

ഈ അദ്ധ്യായത്തിൽ മഹാനായ ഇമാം മുസ്‌ലിം നൽകുന്ന ഒരു ഹദീസാണ് താഴെ:

عَنْ أَنَسِ بْنِ مَالِكٍ رضي الله عنه ، . قَالَ: كَانَ النَّبِيُّ يَدْخُلُ بَيْتَ أُمِّ سُلَيْمٍ فَيَنَامُ عَلَى فِرَاشِهَا وَلَيْسَتْ فِيهِ. قَالَ: فَجَاءَ ذَاتَ يَوْمٍ فَنَامَ عَلَى فِرَاشِهَا. فَأُتِيَتْ فَقِيلَ لَهَا: هَذَا النَّبِيُّ نَامَ فِي بَيْتِكِ، عَلَى فِرَاشِكِ. قَالَ: فَجَاءَتْ وَقَدْ عَرِقَ،

وَاسْتَنْقَعَ عَرَقُهُ عَلَى قِطْعَةِ أَدِيمٍ، عَلَى الْفِرَاشِ. فَفَتَحَتْ عَتِيدَتَهَا فَجَعَلَتْ تُنَشِّفُ ذَلِكَ الْعَرَقَ فَتَعْصِرُهُ فِي قَوَارِيرِهَا. فَفَزِعَ النَّبِيُّ فَقَالَ: «مَا تَصْنَعِينَ؟ يَا أُمَّ سُلَيْمٍ» فَقَالَتْ: يَا رَسُولَ اللَّهِ نَرْجُو بَرَكَتَهُ لِصِبْيَانِنَا. قَالَ: «أَصَبْتِ». (صحيح مسلم رقم الحديث: ٦٠٠٩)

ഹദീസിൻെറ സാരം മുകളിൽ കൊടുത്തിട്ടുണ്ട്.
ഇവിടെ സ്വഹാബീ വനിതയുടെ പ്രവർത്തിയേക്കാൾ വലുത് തിരു നബി صلى الله عليه وسلم പറഞ്ഞ "أصبت" "അങ്ങ് ചെയ്തത് ശരിയാണ്" എന്ന അംഗീകാരമാണ്. ഇസ്ലാമിൽ ബുദ്ധിക്ക് യോജിക്കാത്തതോ സംസ്കാരത്തിന് യോജിക്കാത്തതോ പഠിപ്പിക്കാനല്ല തിരു നബി صلى الله عليه وسلم വന്നത് മറിച്ച് لأتمم مكارم الأخلاق "എന്തെല്ലാം സൽഗുണങ്ങളുണ്ടോ അവയുടെ പൂർത്തീകരണത്തിനാണ് തന്നെ നിയോഗിക്കപ്പെട്ടത്" എന്ന് അവിടുന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ തിരു നബി صلى الله عليه وسلم അംഗീകാരം നൽകിയ ഒരു കാര്യത്തിന് ഇനി സീറോ അബ്ദുൻെറ വിയോജിപ്പിന് യാതൊരു പ്രസക്തിയുമില്ല.

ഈ ചേകന്നൂരി പറയുന്ന മറെറാരു അസംബന്ധം:

നിങ്ങളെപ്പോലെ കേവലം സാധാരണ മനുഷ്യന് മാത്രമാണ്' എന്നു പറയുന്നത് നബിതിരുമേനിക്ക് അവതീര്ണമായ വിശുദ്ധ ഖുര്ആന് ആണ്.

ഇതും ഖുർആനിനെ കളവാക്കലാണ്. ഖുർആനിൽ ഇങ്ങനെയല്ല പറഞ്ഞത്. അതിൻെറ സത്യാവസ്ഥകൾ ഈ എളിയവൻ റബീഉൽ അവ്വലിനോടനുബന്ധിച്ചു വന്ന ബുളളററിനുകളിൽ വിശധമായി എഴുതിയിട്ടുണ്ട് ആവശ്യമുളളവർ താഴെ ലിങ്കിൽ പോയി വായിച്ചു നോക്കുക.

http://islambulletin.blogspot.com/

നബത്തോടോ ഉള്ള സ്നേഹമല്ല. അതായിരുന്നുവെങ്കില് 23 വര്ഷത്തെ അദ്ദേഹത്തിന്റെ ശരീരമാലിന്യങ്ങള് എടുത്തു സൂക്ഷിക്കാത്ത പൂര്വികതലമുറകള് മനുഷ്യരാശിയോടു വന് പാതകമാണു ചെയ്തിരിക്കുന്നത്. അവര്ക്ക് എളുപ്പം മോക്ഷം ലഭിക്കുമായിരുന്ന ചില മാധ്യമങ്ങളാണല്ലോ അവരുടെ അശ്രദ്ധ കാരണം നഷ്ടപ്പെട്ടുപോയത്.

ഇത്തരം തിരുശേഷിപ്പുകൾ സ്വഹാബത്ത് സൂക്ഷിക്കുകയും അവ ഉപയോഗിച്ച് ബറക്കത്തെടുക്കുകയും ചെയ്തിരുന്നു എന്നതിന് ബുഖാരിയിലും മുസ്ലിമിലും അദ്ധ്യായങ്ങളും ഹദീസുകളും നാം കണ്ടു. മുസ്ലിം ഉമ്മത്തിൻെറ ഇജ്മാഉം നാം കണ്ടു പിന്നെയതില്ലന്നു പറയുന്നത് ചേകന്നൂരിൻെറടുത്ത് നിന്ന് പഠിച്ചതുകൊണ്ടാണ്.

ഈ സാധൂൻെറ മറെറാരു തമാശ കാണുക:

ഹജ്ജിനും ഉംറക്കും വരുന്ന കോടി
ക്കണക്കിന് വിശ്വാസികൾക്ക് 'തബ
റുക്കിന്' വേണ്ടി അതെടുത്ത് മക്ക
യിലെ സംസം വെള്ളത്തിൽ മുക്കി
അതിന്റെ വിശുദ്ധി വിശ്വാസികൾക്ക്
ലഭ്യമാക്കാമായിരുന്നില്ലേ അദ്ദേഹ
ത്തിന്?

താങ്കൾ സംസംമിനെകുറിച്ചും "സീറോ" ആണെന്ന് വ്യക്തമായി.

സംസമിന് ഇനി ഒരു മുടി മുക്കേണ്ടുന്ന ആവശ്യമില്ലാത്ത വിധം തിരു നബിയുടെ ബറക്കത്ത് ലഭിച്ച വെളളമാണത് ഇമാം അഹ്മദു ബ്നു ഹമ്പൽ رحمه الله തൻെറ മുസ്നദിൽ റിപ്പോർട്ട് ചെയ്തത് കാണുക:
عن ابن عباس رضي الله عنهما أنه قال: «جاء النبي صلى الله عليه وسلم إلى زمزم فنزعنا له دلواً فشرب ثم مج فيها ثم أفرغناها في زمزم ثم قال: لولا أن تغلبوا عليها لنزعت بيدي».
"ഇബ്നു അബാസ് رضي الله عنهما യിൽ നിന്ന് നിവേദനം: നബി صلى الله عليه وسلم സംസമിൻെറടുക്കൽ വന്നു, ഞങ്ങൾ അവിടുത്തേക്ക് സംസം കോരിക്കൊടുത്തു

അവിടുന്നു കുടിച്ചു, ബാക്കിയുളളതിൽ തിരുനബി صلى الله عليه وسلم തുപ്പി, പിന്നീട് ഞങ്ങളത് സംസം കിണറിലേക്കൊഴിച്ചു...."

ഞങ്ങളൊക്കെ സംസം കുടിക്കുന്നത് ആ പുണ്യം കൂടെ കിട്ടുവാനാണ്.

ഈ സാധു തന്നെ പറയുന്നുണ്ട് തൻെറ മൂന്നാമത്തെ കുറിപ്പിൽ:

സ്വാതന്ത്ര്യസമരകാലത്ത് ഒരു മൗലവി പ്രസംഗിച്ചുകൊണ്ടിരിക്കെ അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഖുർആൻ കൊണ്ട് തെളിയിക്കാൻ സാധിക്കുമോ എന്ന് സദസ്സിൽനിന്ന് ഒരാൾ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞുവത്രെ 'അതെ, ഞാൻ പറഞ്ഞ കാര്യങ്ങൾ ഖുർആൻ കൊണ്ടും ഖുർആന്റെ വാപ്പയെക്കൊണ്ടും തെളിയിക്കാൻ തയ്യാറാണ് എന്ന്.

എന്നിട്ട് താൻ നാല് ലേഖനങ്ങൾ എഴുതിയിട്ടും ഒന്നിൽ പോലും തൻെറ വികലമായ ചേകന്നൂരിയൻ, അല്ലങ്കിൽ സി.എൻ അഹ്മദ് മൗലവിയുടെ ആശയമായ തിരു ശേഷിപ്പുകളെ ആദരിക്കേണ്ടതില്ലന്ന വാദത്തിന് ഒരായത്തോ ഒരു ഹദീസോ ഒരു ഇമാമിൻെറ ഉദ്ധരണിയോ ഉദ്ധരിക്കാൻ സാധിച്ചില്ലന്നത് തൻെറ തല മുഴുവനും വട്ട പൂജ്യമാണെന്നോ അല്ലങ്കിൽ തൻെറ ആശയം മുസ്‌ലിം ഉമ്മത്തിന് പരിചയമില്ലാത്തതാണെന്നോ ഉളളതിന് തെളിവാണെന്ന് ഓർക്കുക.

ഏതായാലും എൻെറ നല്ലവരായ വായനക്കാർ ഇത്തരം ആളുകളുടെ വാക്കുകളിലോ എഴുത്തുകളിലോ വഞ്ചിതരായി ഈമാൻ നഷ്ടപ്പെടുത്തരുതെന്ന് ഓർമ്മിപ്പിക്കുകയാണ്. ഇമാം റാസി പറയുന്നത് കാണുക:

في وجه دينك، فإن وجه الدين هو الصلاة، فرجحت حقي على حقك، لا جرم فضلتك، فقلت مـن تـرك الـصلاة سنين، أو حبس غيره عن الصلاة سنين لا أكفره، ومن آذى شعرة من شعراتك، أو جزء من نعلك أكفره. (مـن تفسير الرازي سورة الضحى في تفسير ولسوف يعطيك ربك فترضى)

ആരെങ്കിലും വർഷങ്ങളോളം നിസ്കാരം ഉപേക്ഷിക്കുകയോ മററുളളവരെ നിസ്കരിക്കുന്നതിൽ നിന്ന് തടയുകയോ ചെയ്താൽ അവൻ കാഫിറാണെന്ന് ഞാൻ പറയില്ല അതേ സമയം തിരു നബിയുടെ ഒരു മുടിയെക്കുറിച്ചോ അവിടുത്തെ ചെരുപ്പിൻെറ ഒരു ഭാഗത്തെ കുറിച്ചോ മോശമാക്കിയാൽ അവനെ ഞാൻ കാഫിറാക്കും"

ഇത് ഈ വിഷയത്തിൻെറ ഗൗരവമാണ് അറിയിക്കുന്നത്.

അല്ലാഹു നമ്മേ അവൻ ആദരിച്ചവയെ ആദരിക്കുന്നവരിൽ ഉൾപ്പെടുത്തട്ടെ آمين അവൻ ആദരിച്ചവരെ അനാദരിച്ച ഇബ്‌ലീസിൻെറ പാർട്ടിയിൽ നിന്ന് അല്ലാഹു നമ്മേ കാത്തു രക്ഷിക്കട്ടെ.

ആരുടെയെങ്കിലും പക്കൽ ഓ. അബ്ദുൻെറ ഇ-മെൽ അഡ്രസുണ്ടങ്കിൽ അയച്ചുകൊടുക്കുക, ആധികാരികമായി വല്ലതും പറയാനുണ്ടങ്കിൽ പറയട്ടേ, അതുപോലെ തേജസിനും അയച്ചുകൊടുക്കുക.

وصلى الله وسلم على سيدنا محمد وعلى آله وصحبه أجمعين وآخر دعوانا أن الحمد لله رب العالمين